2025JANUARY
13
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

# ആലുവ തിരുവൈരാണിക്കുളം മഹാദേവക്ഷേത്രത്തിലെ

## മംഗല്യവരദായിനിയായ ശ്രീപാർവ്വതീദേവിയുടെ

# നടതുറപ്പ് മഹോത്സവം

## 2025 ജനുവരി 12 ഞായർ രാത്രി 8 മണി മുതൽ ജനുവരി 23 വ്യാഴം രാത്രി 8 മണി വരെ



ഭക്തജനങ്ങളെ,

ദക്ഷിണകൈലാസമെന്നും മംഗല്യവരദായിനി ക്ഷേത്രമെന്നും വിശേഷിപ്പിക്കപ്പെടുന്ന തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിലെ ശ്രീപാർവ്വതീദേവിയുടെ നടതുറപ്പു മഹോത്സവം 2025 ജനുവരി 12 രാത്രി 8 മുതൽ ജനുവരി 23 രാത്രി 8 വരെ ആഘോഷിക്കുകയാണ്. അഭീഷ്ടവരദായകനും ക്ഷിപ്രപ്രസാദിയുമായ ശ്രീമഹാദേവൻ പ്രധാനപ്രതിഷ്ഠയായി വാണരുളുന്ന ഈ ക്ഷേത്രത്തിൽ ധനുമാസത്തിലെ തിരുവാതിരനാൾ മുതൽ പന്ത്രണ്ട് ദിവസം മാത്രമേ ശ്രീപാർവ്വതീദേവിയെ ദർശിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് ഈ ക്ഷേത്രത്തിന്റെ മാത്രം പ്രത്യേകതയാണ്.

നടതുറപ്പുവേളയിൽ സ്വയംഭൂവായ ശ്രീമഹാദേവനേയും, ശ്രീപാർവ്വതീദേവിയെയും ദർശനം നടത്തുന്ന ഭക്തജനങ്ങൾക്ക് മംഗല്യസൗഭാഗ്യവും ദീർഘമംഗല്യവും ഇഷ്ടസന്താന ലബ്ധിയും അഭീഷ്ടവരസിദ്ധിയും കൈവരുമെന്നുള്ളതിനാൽ നാടിന്റെ നാനാഭാഗത്തുനിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും സ്ത്രീ പുരുഷ ഭേദമന്യേ ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ഇവിടെ ദർശനം നടത്തി സായൂജ്യമടയുന്നു.

## വിർച്വൽ ക്യൂ & ഓൺലൈൻ വഴിപാട് ബുക്കിങ്ങ് സംവിധാനം

സാധാരണ ക്യൂ കൂടാതെ ഭക്തജനങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് ദേവീദർശനം നടത്തുന്നതിന് ഓൺലൈൻ വിർച്വൽ ക്യൂ സംവിധാനവും വഴിപാട് ബുക്കിങ്ങ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശിക്കുക: www.thiruvairanikkulamtemple.org

## നടതുറപ്പു മഹോത്സവ സമയത്തെ പ്രധാന വഴിപാടുകൾ

പട്ട്,താലി,പുടവ,ഇണപ്പുടവ,മഞ്ഞൾപ്പൊടി,വാൽക്കണ്ണാടി,തൊട്ടിൽ,ധാര,സ്വയംവരപുഷ്പാഞ്ജലി,മൃത്യുഞ്ജയപുഷ്പാഞ്ജലി, ഭാഗ്യസൂക്തം പുഷ്പാഞ്ജലി, ഐക്യമത്യ പുഷ്പാഞ്ജലി, മഞ്ഞൾപ്പറ, എള്ള്പറ, പൂപ്പറ, മലർപ്പറ, നെൽപ്പറ.

## ദർശന സമയം

**നടതുറപ്പു മഹോത്സവ ദിവസങ്ങളിൽ**
രാവിലെ 4.00 മുതൽ ഉച്ചയ്ക്ക് 1.30 വരെ.
വൈകിട്ട് 2.00 മുതൽ രാത്രി 9.00 വരെ

**സാധാരണ ദിവസങ്ങളിൽ :**
രാവിലെ 4.30 മുതൽ 11.00 വരെ.
വൈകിട്ട് 5.00 മുതൽ രാത്രി 7.30 വരെ

## തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്ര ട്രസ്റ്റ്

വെള്ളാരപ്പിള്ളി സൗത്ത് പി.ഒ., ശ്രീമൂലനഗരം, ആലുവ– 683580, എറണാകുളം ജില്ല., ഫോൺ: 0484 2600182, 2601182

E-Mail:thiruvairanikkulamtemple@gmail.com | www.thiruvairanikkulamtemple.org

സൊസൈറ്റി ടുഡേ
SOCIETY TODAY

# തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിലെ നടതുറപ്പു മഹോത്സവത്തിന് തുടക്കം

## 2025 ജനുവരി 12 ന് ആരംഭിച്ച മഹോത്സവം 2025 ജനുവരി 23 വ്യാഴം വരെ

ദക്ഷിണകൈലാസമെന്നും മംഗല്യവരദായിനി ക്ഷേത്രമെന്നും വിശേഷിപ്പിക്കപ്പെടുന്ന തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിലെ ശ്രീപാർവ്വതിദേവിയുടെ നടതുറപ്പു മഹോത്സവം 2025 ജനുവരി 12 ഞായർ രാത്രി 8 മണി മുതൽ 2025 ജനുവരി 23 വാഴം രാത്രി 8 മണി വരെ ആഘോഷിക്കുന്നു. അഭീഷ്ടവരദായകനും ക്ഷിപ്രപ്രസാദിയുമായ ശ്രീ മഹാദേവൻ സ്വയംഭൂവായി വാണരുളുന്ന ഈ ക്ഷേത്രത്തിൽ ധനുമാസത്തിലെ തിരുവാതിരനാൾ മുതൽ (ആർദ്രാജാഗരണം) പന്ത്രണ്ട് ദിവസം മാത്രമേ ശ്രീപാർവ്വതീദേവിയെ ദർശിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് ഈ ക്ഷേത്രത്തിന്റെ മാത്രം പ്രത്യേകതയാണ്.

സ്വയംഭൂവായ ശ്രീമഹാദേവനേയും ശ്രീപാർവ്വതീദേവിയെയും നടതുറപ്പു വേളയിൽ ദർശനം നടത്തുന്ന ഭക്ത ജനങ്ങൾക്ക് മംഗല്യസൗഭാഗ്യവും ഇഷ്ടസന്താനലബ്ധിയും ദീർഘമംഗല്യവും കൈവരുമെന്നുള്ളതിനാൽ നാടിന്റെ നാനാഭാഗത്തുനിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും സ്ത്രീപുരുഷ ഭേദമന്യേ ലക്ഷക്കണക്കിന് ഭക്തജനങ്ങളാണ് ഇവിടെ പങ്കെടുക്കുന്നത്





തിരുവൈരാണിക്കുളം മഹാദേവക്ഷേത്രത്തിലെ നടതുറപ്പ് മഹോത്സവത്തിന് തുടക്കം കുറിച്ചുകൊണ്ട് നടന്ന തിരുവാഭരണ ഘോഷയാത്ര



തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിൽ ഇന്നലെ നട തുറന്നപ്പോൾ ദർശനത്തിനായി തടിച്ചുകൂടിയ ഭക്തർ

## പ്രധാന വഴിപാടുകൾ

**ഉമാമഹേശ്വര പൂജ**

മംഗല്യസൗഭാഗ്യത്തിനും ദീർഘമംഗല്യത്തിനും കുടുംബ ഐശ്വര്യത്തിനും വേണ്ടി ക്ഷേത്രത്തിൽ നടത്തപ്പെടുന്ന അതീവ പ്രാധാന്യമുള്ള വഴിപാടാണ് ഉമാമഹേശ്വരപൂജ. പൂജയിൽ കുടുംബസമേതം പങ്കുകൊള്ളുന്നത് അതിവിശിഷ്ടമാണെന്നാണ് വിശ്വാസവും അനുഭവവും. എല്ലാ ഞായറാഴ്ചകളിലും തിരുവാതിര നാളിലും നടത്തുന്ന ഉമാമഹേശ്വരപൂജ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**വേളിഓത്ത്**

വേളിഓത്ത് ചൊല്ലി താന്ത്രിക വിധിപ്രകാരം ശ്രീപാർവ്വതിദേവിക്ക് നടത്തപ്പെടുന്ന അതിവിശിഷ്ട മായ ജന്മദോഷ പരിഹാരകർമ്മമാണ് വേളിഓത്ത് അർച്ചന. ജാതക ദോഷം, മുജ്ജന്മ ദോഷം എന്നീ കാരണങ്ങളാൽ സംഭവിക്കുന്ന വിവാഹ തടസ്സങ്ങൾക്ക് വേദമന്ത്രാർച്ചനയിലൂടെ പരി ഹാരം കൈവരും എന്നുള്ളതാണ് വിശ്വാസവും അനുഭവവും. എല്ലാ വെള്ളിയാഴ്ചകളിലും തിരുവാതിര നാളിലും മാത്രം നടത്തപ്പെടുന്ന അതിവിശിഷ്ടമായ വേളിഓത്ത് വഴിപാട് നടത്തുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**പട്ടും താലിയും നടയിൽ സമർപ്പിയ്ക്കൽ**

തിരുവൈരാണിക്കുളം മഹാദേവക്ഷേത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വഴിപാടുകളിൽ ഒന്നാണ് പട്ടും താലിയും. വിവാഹത്തിന് മുൻപ് പട്ടും പുടവയും സ്വയംവര അർച്ചനയും മഹാദേവന് ധാര യും വഴിപാടായി സമർപ്പിച്ച് പ്രാർത്ഥിക്കുന്നു . വിവാഹശേഷം പട്ടും താലിയും ഇണപ്പുടവയും വാൽക്കണ്ണാടിയും മഹാദേവന് ധാരയും ആണ് വഴിപാടായി നടത്തുക.

പട്ടും താലിയും ദേവിയുടെ തിരുനടയിൽ വച്ച് പ്രാർത്ഥിച്ചാൽ ദീർഘ മംഗല്യം ലഭിക്കുമെന്നാണ് വിശ്വാസവും അനുഭവവും.

**താലിക്കൂട്ടം സമർപ്പണം**

ദീർഘ മംഗല്യത്തിനും ഐശ്വര്യത്തിനും നടത്തുന്ന പ്രധാന വഴിപാടാണ് താലിക്കൂട്ടം സമർപ്പണം. നൂറ്റാണ്ടുകൾ പഴക്കമുള്ള സ്വർണത്താലിക്കൂട്ടം ദേവിയുടെ നടയിൽ സമർപ്പിച്ച് അനുഗ്രഹം വാങ്ങിയാണ് വഴിപാടു നടത്തുന്നത്.

**തൊട്ടിൽ നടയിൽ സമർപ്പിയ്ക്കൽ**

സന്താന സൗഭാഗ്യത്തിനായുള്ള പ്രധാന വഴിപാടാണ് തൊട്ടിൽ സമർപ്പണം. ക്ഷേത്രം വഴിപാടു കൗണ്ടറിൽ നിന്നും ലഭിക്കുന്ന വെള്ളി തൊട്ടിൽ ഭക്തജനങ്ങൾക്ക് നടയിൽ വഴി പാടായി സമർപ്പിക്കാവുന്നതാണ്.

**കലവറ നിറയ്ക്കൽ**

നടതുറപ്പ് വേളയിൽ ക്ഷേത്രത്തിൽ നടക്കുന്ന പ്രസാദഊട്ടിനായുള്ള ദ്രവ്യങ്ങൾ ഭക്തജനങ്ങൾക്ക് വഴിപാടായി നടയിൽ സമർപ്പിക്കാവുന്നതാണ്. അതിനായുള്ള സൗകര്യം ക്ഷേത്രത്തിന്റെ കിഴക്കു ഭാഗത്തുള്ള പ്രധാന ഗോപുരത്തിന് സമീപം ഒരുക്കിയിട്ടുണ്ട്.

2025JANUARY
13
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# എച്ച്എംപിവി രോഗബാധയുടെ നിരക്ക് കുറയുന്നു: വിശദീകരിച്ച് ചൈന



**ബെയ്ജിങ്:** ലോകത്തെ ആശങ്കയിലാക്കിയ ഹ്യൂമൻ മെറ്റാന്യൂമോ വൈറസ് (എച്ച്എംപിവി) ബാധയിൽ വിശദീകരണവുമായി ചൈന. ഉത്തര ചൈനയിൽ എച്ച്എംപിവി രോഗബാധയുടെ നിരക്ക് കുറയുകയാണെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

"എച്ച്എംപിവി പുതിയ വൈറസ് അല്ല. ദശാബ്ദങ്ങളായി മനുഷ്യരിലുണ്ട്. 2001ൽ നെതർലൻഡ്സിൽ ആദ്യമായി കണ്ടെത്തിയ ഈ വൈറസിന്റെ കേസുകളുടെ എണ്ണം ഇപ്പോൾ കൂടിയതു മികച്ച പരിശോധനാരീതികൾ കാരണമാണ്. ചൈനയിലെ ഉത്തര പ്രവിശ്യകളിലെ പോസിറ്റീവ് കേസുകളുടെ നിരക്ക് കുറയുകയാണ്. 14 വയസ്സിനു താഴെയുള്ളവരിലെ പോസിറ്റീവ് കേസുകളുടെ നിരക്ക് കുറഞ്ഞു തുടങ്ങി" ചൈനീസ് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷനിലെ ഗവേഷക വാങ് ലിപ്പിങ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഉത്തര ചൈനയിൽ രോഗം കൂടിയതിനെ തുടർന്ന്, മാസ്ക് ധരിച്ച രോഗികളാൽ ആശുപത്രികൾ നിറഞ്ഞ ചിത്രങ്ങൾ പ്രചരിച്ചിരുന്നു. ചൈനയിലോ മറ്റെവിടെയുമോ അസാധാരണമായി രോഗങ്ങൾ പൊട്ടിപ്പുറപ്പെട്ടില്ല എന്നായിരുന്നു ലോകാരോഗ്യ സംഘടനയുടെ നിലപാട്.

ചൈനക്കാരെ ഇപ്പോൾ ബാധിക്കുന്ന ശ്വാസകോശ രോഗങ്ങൾ നേരത്തേയുള്ള അണുക്കളാൽ ഉണ്ടാകുന്നതാണെന്നും പുതിയ അണുബാധകൾ ഉണ്ടായിട്ടില്ലെന്നും വാങ് പറഞ്ഞു.

രാജ്യത്തു പനി ക്ലിനിക്കുകളിലും അടിയന്തര വിഭാഗങ്ങളിലും രോഗികൾ കൂടിയെന്നും കഴിഞ്ഞ വർഷത്തേക്കാൾ കുറവാണെന്നും ആരോഗ്യ കമ്മിഷന്റെ മെഡിക്കൽ അടിയന്തര പ്രതികരണ വിഭാഗം ഡപ്യൂട്ടി ഡയറക്ടർ ഗാവോ സിൻകിയാങ് പറഞ്ഞു.

മെഡിക്കൽ വിഭവങ്ങളുടെ ക്ഷാമമില്ലെന്നും ഗാവോ വ്യക്തമാക്കി.

# അന്താരാഷ്ട്ര എഐ ആക്ഷൻ ഉച്ചകോടി ഫെബ്രുവരിയിൽ ഫ്രാൻസിൽ; പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും



**പാരീസ്:** ഫെബ്രുവരി 10, 11 തീയതികളിൽ ഫ്രാൻസിൽ നടക്കുന്ന അന്താരാഷ്ട്ര എഐ ആക്ഷൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോണാണ് 'ഈ വിവരം മാധ്യമങ്ങളെ അറിയിച്ചത്. കഴിഞ്ഞ വർഷം നവംബർ 15ന് ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ജി 20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി മോദി ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

ഡിജിറ്റൽ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനെ ക്കുറിച്ച് അന്ന് ഇരു നേതാക്കളും നടത്തിയ ചർച്ചകളുടെ തുടർച്ചയാണ് ഈ വരുന്ന ഫെബ്രുവരി 10,11 തിയതികളിൽ നടക്കാൻ പോകുന്ന അന്താരാഷ്ട്ര എഐ ആക്ഷൻ ഉച്ചകോടിയിൽ ഫ്രാൻസിലേയ്ക്ക് മോദി എത്തുന്നത്.

അമേരിക്ക, ചൈന, ഇന്ത്യ, ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്നും മാക്രോൺ പറഞ്ഞു. ഫ്രാൻസിൽ വെച്ച് അന്താരാഷ്ട്ര എഐ ആക്ഷൻ ഉച്ചകോടി സംഘടിപ്പിക്കാൻ ഇമ്മാനുവൽ മക്രോൺ കാട്ടിയ താൽപര്യത്തെ പ്രധാനമന്ത്രി സ്വാഗതം ചെയ്തതായി ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

എഐ ആക്ഷൻ ഉച്ചകോടിയുടെ മുൻ സമ്മേളനങ്ങൾ 2023 നവംബറിൽ യു കെ യിലും 2024 മെയ് മാസത്തിൽ ദക്ഷിണ കൊറിയയിലും വെച്ച് നടന്നിരുന്നു.



# ദേശീയ ജലപാത നവീകരണം: ഐഡബ്ല്യൂഡിസി 50,000 കോടി നിക്ഷേപിക്കും

**കൊച്ചി:** നദീതീര കമ്മ്യൂണിറ്റി വികസന പദ്ധതിയുടെ ഭാഗമായി ഇൻലാൻഡ് വാട്ടർവേയ്സ് ഡെവലപ്മെന്റ് കൗൺസിൽ സംഘടിപ്പിച്ച യോഗത്തിൽ കൊച്ചി മെട്രോ ജലപാത പദ്ധതിയുടെ മാതൃകയിൽ ഗുവാഹത്തി ഉൾപ്പെടെ ഇന്ത്യയിലെ 15 നഗരങ്ങളിൽ ജലപാതകൾ ആരംഭിക്കാൻ തീരുമാനമായി. തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള ജലപാതകളുടെ വികസനത്തിനുള്ള നോഡൽ ഏജൻസിയായ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (ഐഡബ്ല്യുഎഐ) സംഘടിപ്പിച്ച ഐഡബ്ല്യുഡിസിയുടെ രണ്ടാമത്തെ യോഗത്തിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 50,000 കോടിയിലധികം രൂപയുടെ നിക്ഷേപം നടത്തുമെന്ന് പ്രഖ്യാപിച്ചു. കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാളിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഈ തീരുമാനമുണ്ടായത്.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, നദീതട ആവാസവ്യവസ്ഥയ്ക്കൊപ്പം വ്യാപാരവും ടൂറിസവും പ്രോത്സാഹിപ്പിക്കുക, നൈപുണ്യ സമ്പുഷ്ടീകരണ പരിശീലനങ്ങൾ നൽകുക, ദേശീയ ജലപാതകളുടെ തീരങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള ശ്രമത്തിൽ കമ്മ്യൂണിറ്റികളുടെ നദിയെക്കുറിച്ചുള്ള പരമ്പരാഗത അറിവ് നവീകരിക്കുക എന്നിവയിലൂടെ തീരദേശ സമൂഹങ്ങളുടെ സാമൂഹികസാമ്പത്തിക ക്ഷേമം മെച്ചപ്പെടുത്തുന്നതിന് റിവർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സ്കീം രൂപത്തിൽ ഒരു പ്രധാന നയ സംരംഭം ഐഡബ്ല്യുഡിസിയിൽ അവതരിപ്പിച്ചു.

ഉൾനാടൻ ജലപാതകൾ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ വശങ്ങളെക്കുറിച്ച് കേന്ദ്രവും വിവിധ സംസ്ഥാന സർക്കാരുകളും നടത്തിയ ചർച്ചകളുടെ ഫലമാണ് പുതിയ തീരുമാനമെന്ന് സർബാനന്ദ സോനോവാൾ പറഞ്ഞു. രാജ്യത്തെ 21 സംസ്ഥാനങ്ങളിലെ ഉൾനാടൻ ജലഗതാഗത ശൃംഖല വർദ്ധിപ്പിക്കുന്നതിനായി 1400 കോടിയിലധികം രൂപ മുതൽമുടക്കുള്ള സംരംഭങ്ങൾ ഐഡബ്ല്യുഡിസിയിൽ കേന്ദ്രമന്ത്രി അനാച്ഛാദനം ചെയ്തു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇന്ത്യയിൽ ക്രൂയിസ് ടൂറിസം വർദ്ധിപ്പിക്കുന്നതിനായി 10 സീ ക്രൂയിസ് ടെർമിനലുകൾ, 100 റിവർ ക്രൂയിസ് ടെർമിനലുകൾ, അഞ്ച് മറീനകൾ എന്നിവ സ്ഥാപിക്കാൻ ലക്ഷ്യമിട്ട് ക്രൂയിസ് ഭാരത് മിഷൻ ആരംഭിച്ചതായും അദ്ദേഹം അറിയിച്ചു.



# ഡോക്ടർ–രോഗീ ബന്ധം സുഗമമാകണം: എഒഐകോൺ 2025

**കൊച്ചി:** ചികിൽസയുമായി ബന്ധപ്പെട്ട് രോഗിയും ഡോക്ടറുമായുള്ള ബന്ധം വഷളായിവരുന്ന സാഹചര്യം വർധിക്കുന്നത് അടിയന്തരമായി പരിഹരിക്കണമെന്ന് ഇഎൻടി ശസ്ത്രക്രിയാ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോ ലാറിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ( എഒ ഐ)യുടെ 76ാമത് ദേശീയ സമ്മേളനമായ എഒഐകോൺ 2025 ൽ വൈദ്യശാസ്ത്രമേഖലയിലെ നിയമ പ്രശ്നങ്ങൾ സംബന്ധിച്ച് നടന്ന പാനൽ ചർച്ച ആവശ്യപ്പെട്ടു. ഏതു രോഗത്തിന്റെ ചികിൽസയാണെങ്കിലും അത് നൂറുശതമാനം വിജയമാകണമെന്നാണ് രോഗിയും സമൂഹം ആവശ്യപ്പെടുന്നത്. എന്നാൽ എപ്പോഴും അങ്ങനെയാകണമെന്നില്ല പലപ്പോഴും പലരിലും പലതരത്തിലായിരിക്കും സംഭവിക്കുക. ചില ശസ്ത്രക്രിയകൾ എല്ലാവരിലും പൂർണ്ണമായി വിജയിക്കണമെന്നുമില്ല. മുൻകൂട്ടി പ്രവചനം നടത്താനും കഴിയില്ല. സാധാരണക്കാരായ രോഗികൾക്ക് വൈദ്യശാസ്ത്ര കാര്യങ്ങളിൽ ധാരണ ഉണ്ടാകില്ല. ഡോക്ടർമാർക്കെതിരെ രോഗികൾ കേസുകൾ നൽകുന്നത് വർധിച്ചു വരുന്നത് കണക്കിലെടുത്ത് രോഗിയോട് അവരുടെ രോഗം എന്താണെന്നും ഇതിന്റെ പ്രശ്നങ്ങൾ, ലഭ്യമായ ചികിൽസകൾ എന്തൊക്കെയാണെന്നും അനുയോജ്യമായ ചികിൽസ ഏതാണെന്നും ഡോക്ടർമാർ ധരിപ്പിക്കണം. ഇത് മനസിലാക്കി രോഗികൾ സ്വന്തമായി തീരുമാനമെടുക്കുന്നതിലൂടെ ഇരുവരും തമ്മിലുള്ള ബന്ധം വഷളാകാതെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നും പാനൽ ചർച്ച വിലയിരുത്തി. ചില അടിയന്തര ഘട്ടങ്ങളിലും സങ്കീർണമായ ശസ്ത്രക്രിയകൾ നടത്തുമ്പോഴും രോഗിയെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെട്ടുത്താൻ സമയം കിട്ടിയെന്നുവരില്ല. എന്നാൽ വിവരങ്ങൾ രോഗിയെ ബോധ്യപ്പെടുത്തിയതിനു ശേഷം മാത്രം ചികിൽസിക്കുകയും ശസ്ത്രക്രിയ രോഗിയുടെ സമ്മതത്തോടെ മാത്രം ചെയ്യുന്നതുമാണ് ഉത്തമമെന്നും പാനൽ ചർച്ച വിലയിരുത്തി. രോഗവിവരം ഫോണിലൂടെ കേട്ട് മരുന്നു നിർദ്ദേശിക്കുന്ന പ്രവണതയും ശരിയല്ലെന്നും രോഗിയെ നേരിൽ കണ്ട് പരിശോധന നടത്തിയതിനു ശേഷം മാത്രം മരുന്നു നിർദ്ദേശിക്കുന്നതാണ് ഉത്തമമെന്നും പാനൽ ചർച്ച വിലയിരുത്തി. കൊവിഡ് സമയത്ത് ഇത്തരത്തിൽ ഫോണിലൂടെ മരുന്നുകൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ അത്തരം സാഹചര്യമില്ലാത്തതിനാൽ രോഗിയെ നേരിട്ട് പരിശോധിച്ച് രോഗനിർണയം നടത്തിയതിനു ശേഷം മാത്രം മരുന്നു നിർദ്ദേശിക്കണമെന്നും പാനൽ ചർച്ച അഭിപ്രായപ്പെട്ടു. ഡോ. സീമാബ് ഷെയ്ക്ക് മോഡേറ്ററായി നടന്ന പാനൽ ചർച്ചയിൽ ഡോ. രുപാലി പട്ടേൽ, ഡോ. സ്നേഹാശിഷ് ബർമ്മൻ, ഡോക്ടർ പ്രവീൺ ഗോപിനാഥ്, ഡോ. സാം ദീൻ ദയാൽ, ഡോ. ഷിബു ജോർജ്ജ് എന്നിവർ പങ്കെടുത്തു.




**ഇഎൻടി ശസ്ത്രക്രിയാ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോ ലാറിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ( എഒ ഐ)യുടെ 76ാമത് ദേശീയ സമ്മേളനം എഒഐകോൺ 2025 ൽ വൈദ്യശാസ്ത്രമേഖലയിലെ നിയമ പ്രശ്നങ്ങൾ സംബന്ധിച്ച് നടന്ന പാനൽ ചർച്ചയിൽ ഡോ. സാം ദീൻദയാൽ സംസാരിക്കുന്നു. ഡോ. രുപാലി പട്ടേൽ, ഡോ. സ്നേഹാശിഷ് ബർമ്മൻ, ഡോ. ഷിബു ജോർജ്ജ്, ഡോ. പ്രവീൺ ഗോപിനാഥ് സമീപം**

# ലാറിംഗോളജി അതിവേഗം വളരുന്ന ചികിൽസാ മേഖല: ഡോ. ജയകുമാർ ആർ മേനോൻ



**ഡോ.ജയുമാർ ആർ മനോൻ, ലാറംഗോളജിസ്റ്റ്**




**കൊച്ചി:** അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ചികിൽസാ മേഖലയായി ലാറിംഗോളജി മാറിക്കൊണ്ടിരിക്കുകയാണെന്ന് പ്രമുഖ ലാറിംഗോളജിസ്റ്റ് ഡോ. ജയകുമാർ ആർ മേനോൻ പറഞ്ഞു. ഇഎൻടി ശസ്ത്രക്രിയാ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോ ലാറിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ( എഒ ഐ)യുടെ 76ാമത് ദേശീയ സമ്മേളനമായ എഒഐകോൺ 2025 ൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ശബ്ദമസംബന്ധമായ അസുഖങ്ങൾ ഇന്ന് വർധിച്ചു വരുന്നുണ്ട്.

ചെവി, മൂക്ക്, തൊണ്ട എന്നിങ്ങനെ മൂന്നും കൂടി ചേർന്നതാണ് ഇഎൻടി.ഇതിൽ തൊണ്ടയുടെ സൂപ്പർ സ്പെഷ്യലൈസേഷനെയാണ് ലറിംഗോളജി എന്നു പറയുന്നത്.ലാറിംഗ്സ് എന്നതിനെ വോയിസ് ബോക്സ് എന്നാണ് പറയുന്നത്.ലാറിംഗ്സിന് എന്തെങ്കിലും പ്രശ്നമുണ്ടായാൽ നമ്മുടെ ശബ്ദത്തിന് മാത്രമല്ല പ്രശ്നമുണ്ടാകുന്നത് മറിച്ച് ശ്വാസോച്ഛ്വാസത്തിനും ഭക്ഷണം കഴിക്കാനുമൊക്കെ ബുദ്ധിമുട്ടുണ്ടാകും.മനുഷ്യന് രണ്ട് വോക്കൽ കോഡാണുള്ളത്. ഒരു വോക്കൽ കോഡിന് പരാലിസിസ് വന്നാൽ ശബ്ദം വളരെ മോശമാകും.ഇതിനെ ശരിയാക്കാനായി അതിനൂതനമായ ശസ്ത്രക്രിയ സംവിധാനം ഇന്ന് നിലവിലുണ്ട്. രണ്ടു വോക്കൽ കോഡുകളും പ്രശ്നത്തിലായാലാൽ രോഗിക്ക് കടുത്ത ശ്വാസം മുട്ടൽ നേരിടും ഇതു പരിഹരിക്കാനും നിലവിൽ ശസ്ത്രക്രിയകൾ ഉണ്ട്.

ഇന്ന് ശബ്ദം കൊണ്ടു ജീവിക്കുന്ന ഒട്ടേറെപ്പേർ ഉണ്ട്. ഗായകർ, നടീനട ന്മ ാർ, മിമിക്രി ആർട്ടിസ്റ്റുകൾ, അധ്യാപകർ, അഭിഭാഷകർ അങ്ങനെ നീണ്ട നിരയാണുള്ളത്. ഇവർക്ക് ഏറെ ഗുണപ്രദമാണ് ലാറിംഗോളജി ചികിൽസാ മേഖല. ട്രാൻസ്ജെണ്ടർ ശസ്തക്രിയകളെക്കുറിച്ച് എല്ലാവർക്കും അറിയാം ട്രാൻസ്ജെണ്ടർ ശസ്ത്രക്രിയയിലൂടെ പുരുഷൻ സ്ത്രീ ആയാലും സ്ത്രീ പുരുഷനായാലും അവരുടെ ശബ്ദവും അതിനനസരിച്ച് മാറ്റണം. ഇത്തരത്തിൽ പുരുഷന് സ്ത്രീശബ്ദമുണ്ടാക്കിക്കൊടുക്കാനും സ്ത്രീയ്ക്ക് പുരുഷ ശബ്ദമുണ്ടാക്കി നൽകാനും ലറിംഗോളജിചികിൽസാ മേഖലയിൽ ശസ്ത്രക്രിയ മൂലവും വോയിസ് തെറാപ്പി മൂലവും സാധിക്കും.

വോയിസ് ബോകസ് ക്യാൻസറിന്റെ ചികിൽസ ഇന്ന് വളരെ എളുപ്പമായി മാറിയിട്ടുണ്ട്. പണ്ട് വോയിസ് ബോക്സ് ക്യാൻസറിന്റെ ചികിൽസ റേഡിയോ തെറാപ്പിയായിരുന്നു. രോഗിക്ക് മൂന്നു മുതൽ ആറാഴ്ച വരെ റേഡിയോ തെറാപ്പി വേണമായിരുന്നു എന്നാൽ ഇന്ന് ഒരു ദിവസം കൊണ്ട് ചികിൽസ തീരുന്ന വിധത്തിൽ ലേസർ ചികിൽസ ഇപ്പോൾ ലഭ്യമാണ്. കുട്ടികളുടെ ലാറിംഗ്സിന്റെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണെങ്കിലും വളരെ വേഗത്തിൽ വളരുന്ന സ്പെഷ്യാലിറ്റിയാണിത്. ചെവി മാത്രം സ്പെഷ്യലൈസ് ചെയ്യുന്നവരെ ഓട്ടോളജിസ്റ്റ് എന്നും മൂക്കിന്റെ ചികിൽസയിൽ മാത്രം സ്പെഷ്യലൈസ് ചെയ്യുന്നവർ റൈനോളജിസ്റ്റും. തൊണ്ടയുമായി ബന്ധപ്പെട്ട് സ്പെഷ്യലൈസ് ചെയ്യുന്നവർ ലാറിംഗോളജിസ്റ്റാണ്. ഇഎൻടിയുടെ ശാസ്ത്രീയ നാമം തന്നെ ഓട്ടോറൈനോലറിംഗോളജി എന്നാണെന്നും ഡോ. ഡോ. ജയകുമാർ ആർ മേനോൻ പറഞ്ഞു.



**ഇഎൻടി ശസ്ത്രക്രിയാ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോ ലാറിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ( എ.ഒ. ഐ)76ാമത് ദേശീയ സമ്മേളനം എഒഐകോൺ 2025 ന്റെ സമാപന സമ്മേളനത്തിൽ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി ഡോ. പ്രവീൺ ഗോപിനാഥ് സംസാരിക്കുന്നു. ഡോ. സച്ചിൻ സുരേഷ്, ഡോ. എം. എം ഹനീഷ്, ഡോ. ജോർജ്ജ് തുകലൻ, ഡോ. യോഗേഷ് ധബോൽക്കർ, ഡോ, ദൈ്വയ്പൻ മുഖർജി , ഡോ. കൗശൽ സേത്ത്, ഡോ. ശങ്കർ ബി മെഡിക്കേരി തുടങ്ങിയവർ സമീപം**

# ശബ്ദമലിനീകരണം നിയന്ത്രിക്കാൻ അടിയന്തര നടപടി വേണം

**കൊച്ചി:** പൊതുസമൂഹത്തെ ഗുരുതരമായി ബാധിക്കുന്ന ശബ്ദമലിനീകരണം നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന് എറണാകുളം ലേ മെറീഡിയനിൽ നാലു ദിവമായി നടന്നു വന്ന ഇഎൻടി ശസ്ത്രക്രിയാ വിദഗ്ദരുടെ സംഘടനയായ അസോസിയേഷൻ ഓഫ് ഓട്ടോ ലാറിംഗോളജിസ്റ്റ് ഓഫ് ഇന്ത്യ( എ.ഒ.ഐ)76ാമത് ദേശീയ സമ്മേളനം എഒഐകോൺ 2025 ആവശ്യപ്പെട്ടു. ശബ്ദമലിനീകരണം നിയന്ത്രിക്കാത്ത പക്ഷം ഒരിക്കലും കണ്ടുപിടിക്കാൻ സാധിക്കാത്ത വിധം ആളുകളിൽ കേൾവിക്കുറവ് ഉണ്ടാകാനിടയുണ്ടെന്നും സമ്മേളനം മുന്നറിയിപ്പു നൽകി. ചികിൽസിച്ചു ഭേദമാക്കാൻ സാധിക്കുന്ന ഘട്ടങ്ങൾ കഴിഞ്ഞതിനു ശേഷമായിരിക്കും കേൾവിക്കുറവ് കണ്ടെത്തുക. ഇതൊഴിവാക്കാൻ പൊതുപരിപാടികളിലുൾപ്പെടെ ശബ്ദ നിയന്ത്രണം അത്യാവശ്യമാണെന്നും സമ്മേളനം വ്യക്തമാക്കി. ചെവിയിലെ പഴുപ്പ് നിയന്ത്രിക്കുന്നതിനാവശ്യമായ ചികിൽസ സംബന്ധിച്ചുള്ള ചരിത്രപരമായ വിശകലനം അടങ്ങിയ പ്രബന്ധം 91 വയസുള്ള പോണ്ടിച്ചേരി സ്വദേശിയായ ഡോക്ടർ എം.കെ മജുംദാർ സമ്മേളനത്തിൽ അവതരിപ്പിച്ചു. എ.ഒ.ഐ പുതിയ ദേശിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ, ദൈ്വയ്പൻ മുഖർജി സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. വിവിധ മൽസരങ്ങളിലെ വിജയികൾക്കുള്ള അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. കെ.യു ഷാ സീനിയർ കൺൾട്ടന്റ് അവാർഡിന് ഡോ.റൂഹീ സിംഗ് അർഹയായി. ഡോ. കുമരൻ രാഘവൻ, ഡോ. ജി.എം ദിവ്യ എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പി.എ ഷാ ജൂനിയർ കൺസൾട്ടന്റ് അവാർഡിന് ഡോ. ഉഷിരിൻ ബോസ് അർഹനായി. ബെയ്സാക്കി ഭക്തും, അനിലാ നാരായണനും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വീഡിയോ പ്രസന്റേഷൻ മൽസരത്തിൽ എസ്.എൽ ജെയ്സ്വാൾ ഒന്നാം സ്ഥാനം നേടിയപ്പോൾ ഡോ.കുമരൻ രാഘവൻ, ഡോ. നീതാ ജോയ് എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥാക്കി. പി.ജി പേപ്പർ പ്രസന്റേഷൻ അവാർഡ് ഡോ. പവിത്ര സുബ്രമഹ്ണ്യൻ കരസ്ഥമാക്കി. ഡോ.എയ്ഡാ സനസം, ഡോ. എസ് വിഘ്നേഷ് എന്നിർ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ദേശീയ സെക്രട്ടറി ഡോ. സമീർ ചൗധരി, പ്രസിഡന്റ് ഇലക്ട് ഡോ. കൗശൽ സേത്ത്,ട്രഷറർ ഡോ. യോഗേഷ് ധബോൽക്കർ, മുൻ പ്രസിഡന്റ് ഡോ. ശങ്കർ ബി മെഡിക്കേരി, ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ. മാത്യു ഡൊമിനിക്, സെക്രട്ടറി ഡോ. പ്രവീൺ ഗോപിനാഥ്.ട്രഷറർ ഡോ. കെ.ജി സജു, കൺവീനർ ഡോ. എം. എം ഹനീഷ്, ജോയിന്റ് സെക്രട്ടറിമാരായ ഡോ. പ്രീതി മേരി, ഡോ. സച്ചിൻ സുരേഷ്, ഡോ. ജോർജ്ജ് തുകലൻ തുടങ്ങിയവർ സംസാരിച്ചു.




# അമൃത ആനുവൽ റിവ്യൂ ഇൻ ഓങ്കോളജി' ഏകദിന ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി** : ക്യാൻസർ ചികിത്സാരംഗത്തെ പുരോഗതിയും നൂതന പ്രവണതകളും പഠനവിഷയമാക്കി അമൃത ആശുപത്രിയിലെ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഏകദിന ശില്പശാല 'അമൃത ആനുവൽ റിവ്യൂ ഇൻ ഓങ്കോളജി' സംഘടിപ്പിച്ചു. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ശില്പശാല ഉദ്ഘാടനം ചെയ്തു.ഓങ്കോളജി, ഹെമറ്റോളജി വിഭാഗങ്ങളിലെ ഡോക്ടർമാർക്കും നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ രംഗത്തുള്ളവർക്കുമായി നടത്തിയ ശില്പശാലയിൽ രാജ്യത്തെ വിവിധ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ നിന്നുള്ള വിദഗ്ധർ വിഷയാവതരണം നടത്തി.ക്യാൻസർ ചികിത്സയിൽ നിർണായക പങ്കുവഹിക്കുന്ന പുതിയ കണ്ടെത്തലുകളെയും അവയുടെ ഭാവിസാധ്യതകളെയും കുറിച്ചുള്ള ചർച്ചകൾ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. ഡോ. ഗിരീഷ് കുമാർ കെ. പി, ഡോ. കെ. പവിത്രൻ, ഡോ. വിജയകുമാർ ഡി.കെ, ഡോ. ദേബ് നാരായൺ ദത്ത, ഡോ. സുധീന്ദ്രൻ. എസ്, ഡോ. മാലാ മാതുർ ശർമ്മ, ഡോ. വെസ്‌ലി. എം. ജോസ്, ഡോ. സൗരഭ് രാധാകൃഷ്ണൻ, ഡോ. നിഖിൽ കൃഷ്ണ ഹരിദാസ്, ഡോ. രാകേഷ്. എം.പി എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി.



# മടാട്ട് നൃത്ത പൊലിമയിൽ ഫോക്‌ലോർ ഫെസ്റ്റ്

**വൈപ്പിൻ:** തെക്കൻ കേരളത്തിലെ വനമേഖലയിൽ അധിവസിക്കുന്ന ഗോത്രവർഗ്ഗമായ കാണി വംശജരുടെ ആചാര നൃത്തമായ മാടാട്ട് നൃത്തത്തിന്റെ പൊലിമയിൽ നിറഞ്ഞ് ഫോക്‌ലോർ ഫെസ്റ്റ്. മാടനൂട്ട് ചടങ്ങായി അറിയപ്പെടുന്ന കാർഷിക പ്രകൃതി നൃത്തമാണ് മാടാട്ട് നൃത്തം.കാടിനെ പൂർണമായും ആശ്രയിച്ച് ജീവിച്ചിരുന്ന കാണിക്കാർ വനത്തിനുള്ളിൽ അടിക്കാടുകൾ വെട്ടിത്തെളിച്ചാണ് കൃഷി ചെയ്തിരുന്നത്. വിവിധ ഇനങ്ങളിലായി കൃഷി ചെയ്ത് വർഷാവസാനം മലദൈവങ്ങൾക്കും മാടൻ തമ്പുരാനും കാർഷിക വിഹിതം സമർപ്പിക്കുന്ന പതിവ് ചില കാണി ഊരുകളില്ലെങ്കിലും ഇന്നും കണ്ടുവരുന്നു. മണ്ണിൻറെ ഗുണമേന്മ നിലനിർത്തുന്നതിനും, വന്യ മൃഗാദികളുടെ ആക്രമണം ഉണ്ടാകാതിരിക്കുന്നതിനും, പ്രതികൂല കാലാവസ്ഥ ഉണ്ടാകാതെ സംരക്ഷിക്കുന്നതിനും, ധാരാളം വന വിഭവങ്ങൾ ലഭിക്കുന്നതിനും, വനം പുഷ്ടിപ്പെടുന്നതിനും മാടൻ തമ്പുരാൻ അനുഗ്രഹിക്കുമെന്ന വിശ്വാസാചാരത്തിൽ അധിഷ്ഠിതമായ ഒരിനമാണ് മാടാട്ട് നൃത്തം.സന്തോഷവും സംഘമായ ജീവിതവും കാണിക്കാരുടെ പ്രത്യേകതകൂടിയാണ്. നവതലമുറകളുടെ കൈകളിലൂടെ ഏറെ പുതുമകൾ നിറച്ചാണ് മാടാട്ടു നൃത്തം കുഴുപ്പിള്ളി ബീച്ചിൽ അരങ്ങേറിയത്.

കുഴുപ്പിള്ളി ബീച്ച് ഫെസ്റ്റിന്റെ കൂടി ഭാഗമായി നടന്ന ആഘോഷത്തിൽ കൈകൊട്ടിക്കളി മത്സരം കെ ജെ ഷൈൻ ടീച്ചർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കെ എസ് നിബിൻ അധ്യക്ഷത വഹിച്ചു.കുഴുപ്പിള്ളി ബീച്ചിൽ നടന്ന വിശാല കൊച്ചി സംസ്കാരിക ഫോറത്തിന്റെ കൂടി സഹകരണത്തിൽ നടന്ന അഖില കേരള ബീച്ച് ജൂഡോ ചാമ്പ്യൻഷിപ്പ് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഗാനമേളയും അരങ്ങേറി.




**പൂനെ കടക് വാസൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽ നടന്ന 29ാമത് ഇൻറർ നാഷണൽ ഹൈഡ്രോളിക്സ് കോൺഫ്രൻസിൽ കേന്ദ്ര ജല ശക്തിവകുപ്പ് സെക്രട്ടറി രവി ചന്ദറിൽ നിന്ന് സിഇടി അസോസിയേറ്റ് പ്രഫസർ ഡോ. കെ.പി. ഇന്ദുലേഖ ജൽവിജ്ഞാൻ പുരസ്കാരം ഏറ്റുവാങ്ങുന്നു.**

# സിഇടിയിലെ കയർ കൊക്കോലോഗ് ഗവേഷണത്തിന് ജൽവിജ്ഞാൻ പുരസ്കാരം

**തിരുവനന്തപുരം:** ട്രിവാൻഡ്രം കോളജ് ഓഫ് എൻജിനീയറിംഗിലെ (സിഇടി) കയർ കൊക്കോലോഗ് ഗവേഷണത്തിന് കേന്ദ്ര സർക്കാരിൻറെ ജൽശക്തി വകുപ്പിനു കീഴിലെ പ്രമുഖ ഹൈഡ്രോളിക്സ് ഗവേഷണ കേന്ദ്രമായ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻറെ (സിഡബ്ല്യുപിആർഎസ് ) മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള ജൽവിജ്ഞാൻ പുരസ്കാരം. കാഷ് പ്രൈസും മെമന്!റായും അടങ്ങുന്നതാണ് പുരസ്കാരം.

കയർ നാര് നിറച്ച ജൈവ സഞ്ചികൾ നദീതടത്തിൽ സ്ഥാപിച്ച് മഴക്കാലത്തെ മണ്ണിടിച്ചിൽ തടയുന്നതിനായി കോളജ് ലാബിൽ കൃത്യമമായി സൃഷ്ടിച്ച നദിയിൽ ഗവേഷണം നടത്തിയിരുന്നു. ഗവേഷണ ഫലം സംബന്ധിച്ചു തയാറാക്കിയ പ്രബന്ധത്തിനാണ് ദേശീയ അംഗീകാരം ലഭിച്ചത്.

പരീക്ഷണത്തിനായി കേരള സയൻസ് ആൻഡ് ടെക്നോളജിയുടെ സഹായത്തോടെ സിഇടിയിലെ സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽ കൃത്യമ നദി സൃഷ്ടിക്കുകയും വാമനപുരം നദിയിലെ മണ്ണ് ഉപയോഗിച്ച് കയർ കൊക്കോലോഗ് പരീക്ഷണം നടത്തുകയുമായിരുന്നു.

സിഇടിയിലെ ഗവേഷണത്തിന് നേതൃത്വം നൽകിയ സിവിൽ എൻജിനീയറിംഗ് വിഭാഗത്തിലെ അസോസിയേറ്റ് പ്രഫസർ ഡോ. കെ.പി. ഇന്ദുലേഖ, ഗൈഡും സിവിൽ എൻജിനീയറിംഗ് വിഭാഗത്തിലെ പ്രഫസറുമായ ഡോ. പി.കെ. ജയശ്രീ, ഗവേഷണ മേധാവി റിട്ട. പ്രഫസർ ഡോ. കെ. ബാലൻ എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്.

പൂനെ കടക് വാസൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽ നടന്ന 29ാമത് ഇൻറർ നാഷണൽ ഹൈഡ്രോളിക്സ് വാട്ടർ റിസോഴ്സസ്, റിവർ ആൻഡ് കോസ്റ്റൽ എൻജിനീയറിംഗ് കോൺഫ്രൻസിൽ, കേന്ദ്ര ജല ശക്തിവകുപ്പ് സെക്രട്ടറി രവിചന്ദറിൽ നിന്ന് സിഇടി അസോസിയേറ്റ് പ്രഫസർ ഡോ. കെ.പി. ഇന്ദുലേഖ പുരസ്കാരം ഏറ്റുവാങ്ങി.

സിഡബ്ല്യുപിആർഎസ് ഡയറക്ടർ ഡോ. ആർ.എസ്. കൻകറ തുടങ്ങിയവർ പ്രസംഗിച്ചു. കേന്ദ്ര ജൽ ശക്തി മന്ത്രി സി.ആർ. പാട്ടീൽ ഓൺലൈനായി സന്ദേശം നൽകി.

ഇന്ത്യയിലെ അണക്കെട്ടുകൾ, വൈദ്യുത നിലയങ്ങൾ, കടലാക്രണം തുടങ്ങിയവ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ഉപദേശം നൽകുന്ന സ്ഥാപനമാണ് പൂനെ സിഡബ്ല്യുപിആർഎസ്. കേരളത്തിലെ മുല്ലപ്പെരിയാൽ അണക്കെട്ടിനെക്കുറിച്ച് ഉൾപ്പെടെ സ്ഥാപനം ഗവേഷണം നടത്തുന്നുണ്ട്.ഗംഗാനദീ സംരക്ഷണവും ഇന്ത്യയിലെ വലിയ നദികളുടെ സംരക്ഷണവും സംബന്ധിച്ച് ഗവേഷണം നടത്തുന്ന സ്ഥാപനത്തിൻറെ ശ്രദ്ധയിലേക്ക് കേരളത്തിലെ കയർ ഗവേഷണം എത്തിക്കാൻ ജൽവിജ്ഞാൻ പുരസ്കാരത്തിലൂടെ കഴിഞ്ഞതായി സംസ്ഥാന സർക്കാരിൻറെ കയർ വിദഗ്ധ സമിതി അംഗവും ഗവേഷണ മേൽനോട്ടം വഹിക്കുകയും ചെയ്ത ഡോ. കെ. ബാലൻ പറഞ്ഞു. കേരളത്തിൽ നിന്ന് കയർ കോക്കോലോഗ് കയറ്റുമതി ഗൾഫ് രാജ്യങ്ങളിലേക്ക് കൂടി വരികയാണ്. ഈ സാഹചര്യത്തിൽ കയർ കൊക്കോലോഗ് ഗവേഷണത്തിന് ലഭിച്ച ദേശീയ അംഗീകാരം കയർ കയറ്റുമതി പ്രോത്സാഹിപ്പിക്കാനും ദക്ഷിണേന്ത്യൻ നദീതട സംരക്ഷണത്തിന് കയർ കൊക്കോലോഗ് പരീക്ഷണം നടത്താനും വഴിയൊരുക്കുമെന്നും ഡോ. കെ. ബാലൻ പറഞ്ഞു.

# ഡിജിറ്റൽ കുംഭ മേളയുമായി കെഡിഎം

കൊച്ചി: ഇന്ത്യയിലെ മുൻനിര ലൈഫ്സ്റ്റൈൽ ആൻഡ് മൊബൈൽ ആക്സസറീസ് ബ്രാൻഡായ കെഡിഎം ഡിജിറ്റൽ കുംഭ മേള ആരംഭിച്ചു.ജനുവരി 13 മുതൽ ഫെബ്രുവരി 26 വരെ ഉത്തർപ്രദേശിലെ പ്രയാഗ്രാജിൽ നടക്കുന്ന മഹാകുംഭ് നഗറിൽ 90ലധികം ടെന്റുകളിൽ കെഡിഎം മൊബൈൽ ചാർജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിരിക്കുന്നു.200 പേർക്ക് ഒരുമിച്ചു ചാർജുചെയ്യാൻ ശേഷിയുള്ള ഈ 90 ടെന്റുകളിൽ ദിവസത്തിൽ രണ്ടുതവണയെങ്കിലും മൊബൈൽ ചാർജ്ജുചെയ്യുന്നതുവഴി 16,20,000 പേരെങ്കിലും 45 ദിവസത്തിനുള്ളിൽ ചാർജുചെയ്യുമെന്ന് കെഡിഎം പ്രതീക്ഷിക്കുന്നു.. കെഡിഎം മൊബൈൽ ഫോൺ ചാർജറുകൾ ഇന്ത്യയിൽ രൂപകൽപ്പന ചെയ്തതും നിർമ്മിച്ചതുമായ 100% തദ്ദേശീയ ഉൽപ്പന്നമാണ്.മേക്ക് ഇൻ ഇന്ത്യയ്ക്കൊപ്പം 2047ഓടെ ഇന്ത്യ വികസിത ഭാരതിന്റെ യാത്ര ആരംഭിക്കുമ്പോൾ, മേക്ക് ഫോർ ദ വേൾഡ് എന്ന മന്ത്രവുമായി നമ്മൾ മുന്നോട്ട് പോകണമെന്ന് കെഡിഎം സ്ഥാപകൻ എൻ ഡി മാലി പറഞ്ഞു. സാമ്പത്തിക പുരോഗതിക്കും സാംസ്കാരിക സംരക്ഷണത്തിനും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും സംസ്കാരത്തെ ഉൾക്കൊള്ളുന്നതിനുമുള്ള കെഡിഎമ്മിന്റെ

പ്രതിബദ്ധത കുംഭ ഡിജിറ്റൽ മേള പ്രകടമാക്കുന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു.

# സൗത്ത് ഈസ്റ്റ് ഏഷ്യയിലെ ഏറ്റവും ഭാരം കുറഞ്ഞ കുഞ്ഞ് നോവയ്ക്ക് പുതു ജീവനേകി ലൂർദ്

**കൊച്ചി :** 350 ഗ്രാം മാത്രം തൂക്കവുമായി ഗുരുതരാവസ്ഥയിൽ പിറന്ന നവജാതശിശു 'നോവ' ക്ക് എറണാകുളം ലൂർദ് ആശുപത്രിയിലെ മെഡിക്കൽ സംഘം പുതുജീവൻ നല്കി. റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകൾ പ്രകാരം ഇന്ത്യയിലെയും സൗത്ത്ഈസ്റ്റ് ഏഷ്യയിലെയും തന്നെ ഏറ്റവും ഭാരം കുറഞ്ഞ നവജാത ശിശുവാണ് 'നോവ'.

ജനിക്കുമ്പോൾ 375 ഗ്രാം ഭാരം ഉണ്ടായിരുന്ന ഹൈദരാബാദ് സ്വദേശിയെയാണ് നിലവിൽ ഏറ്റവും ഭാരം കുറഞ്ഞ നവജാത ശിശുവായി കണക്കാക്കുന്നത്. ആ പട്ടികയിൽ രണ്ടാം സ്ഥാനത്തുള്ള 380 ഗ്രാം ഭാരത്തോടെ ജനിച്ച, ഇപ്പോൾ പൂർണ്ണാരോഗ്യത്തോടെ ഡഗഏ യിൽ പഠിക്കുന്ന കാശ്വിയെ 2019 ൽ ജീവിതത്തിലേക്ക് കൊണ്ടുവന്നതും എറണാകുളം ലൂർദ് ആശുപത്രി തന്നെയാണ്.

നവജാത ശിശുരോഗവിദഗ്ധൻ ഡോ. റോജോ ജോയിയുടെ നേതൃത്വത്തിൽ 100 ദിവത്തിലധികം നീണ്ട നൂതനവും അതിസങ്കീർണ്ണവുമായ ചികിത്സയിലൂടെയാണ് കുഞ്ഞ് നോവയുടെ ജീവൻ സാധാരണനിലയിൽ എത്തിച്ചത് .

പൂർണ്ണ വളർച്ച എത്താതിരുന്നതിനാൽകുഞ്ഞിന്റെ എല്ലാ അവയവങ്ങളുടെയും വളർച്ചയും കുറവായിരുന്നു. ആയതിനാൽ ജനിച്ച ഉടനെ കുഞ്ഞിന്റെ ജീവൻ നിലനിർത്തുന്നതിനായി ലേബർ റൂമിൽ വെച്ചു തന്നെ കുഞ്ഞിന് കൃത്രിമ ശ്വാസം നൽകി. പിന്നീട് ഒരു മാസത്തോളം 'എൻ.ഐ.സി.യുവിൽ വെന്റിലേറ്റർ സഹായത്തോടെ കൃത്രിമ ശ്വാസോച്ഛ്വാസം തുടരുകയും ചെയ്തു. അതിനു ശേഷം കുഞ്ഞിനെ അത്യാധുനിക നോൺ ഇൻവേസീവ് വെന്റിലേറ്റർ സംവിധാനത്തിലേക്ക് മാറ്റി. കുഞ്ഞിന് പോയിന്റ് ഓഫ് കെയർ എക്കോകാർഡിയോഗ്രാം, ന്യൂറോസോണോഗ്രാം എന്നിവ ചെയ്യുകയും, ഹൃദയമിടിപപ്പ് കുറവായതിനാൽ അത് നിലനിർത്തുന്നതിന് ആവശ്യമായ മരുന്നുകളും നൽകേണ്ടിവന്നു. നോവയുടെ പരിചരണത്തിനായി പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കുകയും




വിദഗ്ധരായ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം ലഭ്യമാക്കുകയും ചെയ്തിരുന്നതായി ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ ഫാ. ജോർജ്ജ് സെക്വീര പത്രസമ്മേളനത്തിൽ പറഞ്ഞു.

ലൂർദ് ആശുപത്രിയിലെ നവജാത ശിശുരോഗവിദഗ്ധൻ ഡോ. റോജോ ജോയിയുടെ നേതൃത്വത്തിൽ ഡോ. അഷ്റിൻ നൗഷാദ്, ഡോ. മെവിൻ ജോസ്ഫ്, ഡോ. കാവേരി എം.എസ്, ഡോ. അഫീന എസ്, ഡോ. അപർണ രാജ് എന്നിവരുടെയും നിയോനേറ്റൽ കഋഡ ഹെഡ് നേഴ്സ് സ്മിതാദേവി കെ. യുടെ കീഴിലുള്ള നഴ്സുമാരുടെയും കണ്ണിമ ചിമ്മാതെയുള്ള പരിപാലനവുമാണ് കുഞ്ഞിന്റെ അതിജീവനം സാധ്യമാക്കിയതെന്നും അദ്ദേഹം പറഞ്ഞു. മാസം തികയാതെ പ്രസവിച്ച കുഞ്ഞിന്റെ അമ്മയ്ക്ക് അടിയന്തര വൈദ്യസഹായം നൽകിയ ലൂർദ് ആശുപത്രി ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ദിവ്യ ജോസ്, കുഞ്ഞിന്റെ വളർച്ചയും ആരോഗ്യ പുരോഗതിയും കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് നേതൃത്വം നൽകിയ റേഡിയോളജി വിഭാഗത്തിന്റെയും മറ്റു വിവിധ വിഭാഗങ്ങളുടെയും സഹകരണം കൊണ്ടാണ് പൂർണ്ണ ആരോഗ്യത്തോടെ കുഞ്ഞിനെ രക്ഷിച്ചെടുക്കാൻ സാധിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇപ്പോൾ കുട്ടിക്ക് 1.850 കിലോഗ്രാം ഭാരമുണ്ടെന്നും അടുത്ത ദിവസം തന്നെ വീട്ടിലേക്ക് പോകാൻ കഴിയും എന്നും ഡോക്ടർ പറഞ്ഞു.

പത്രസമ്മേളനത്തിൽ ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ജോർജ്ജ് സെക്വീര, അസോസിയേറ്റ് ഡയറക്ടർ ഫാ.വിമൽ ഫ്രാൻസിസ്, കുട്ടിയുടെ പിതാവ് ശ്രി കെവിൻ ഡുറോം, നവജാത ശിശുരോഗവിദഗ്ധൻ ഡോ. റോജോ ജോയി, ജൂനിയർ കൺസൾട്ടന്റ് ഡോ. അഷ്രിൻ നൗഷാദ്, ഒബ്സ്റ്റാട്രിക്സ് & ഗൈനക്കോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. പ്രവീണ എലിസബത്ത്, റിലേഷൻസ് ആൻഡ് ഓപ്പറേഷൻസ് ഓഫീസർ റ്റിറ്റ്സൺ ദേവസി തുടങ്ങിയവർ പങ്കെടുത്തു. കുട്ടിയുടെ മാതാവ് ഓൺലൈൻ ആയി സംബന്ധിച്ചു.



**മലയാളത്തിലെ ആദ്യ ദിനപത്രമായ ദീപികയുടെ കൊച്ചി യൂണിറ്റിന്റെ ആരംഭകാലഘട്ടത്തിൽ ജോലി ചെയ്തിരുന്നവരുടെ സൗഹൃദ കൂട്ടായ്മയായ ഡി.മേറ്റ്സിന്റെ മൂന്നാമത് സംഗമം 2025 ജനുവരി 8ന് എറണാകുളത്തെ ഹോട്ടൽ മലബാർ ഇല്ലത്തിൽ നടന്നപ്പോൾ. എ.എസ്.സതീഷ്, ജോസ് കുര്യാക്കോസ്, ജോൺസൺ പി. അഗസ്റ്റ്യൻ, സി.കുര്യൻ, മനോജ് മാനുവൽ, സോണി ജേക്കബ്, ജോയി മാടശ്ശേരി, സജി മാത്യു, വി.കെ.സുബാഷ്, എം.കെ. ഷാജു, എഡിസൺ ജി.വർഗീസ്, സിൻസൺ അലക്സ്, ടി.എ.അൻസാരി, എം.കെ.ഫ്രാൻസീസ്, റോയി ജോൺ, എൻ.എസ്.രാജേഷ്, ജോൺസൺ വള്ളോംപുരയിടം, ടി.എ.സാബു, അനിൽ വാര്യർ, ഡി.മുകുന്ദൻ, ടി.പി.ജോർജ്, ബിജു നാടുകാണി എന്നിവർ ഗ്രൂപ്പ് ഫോട്ടോയ്ക്ക് അണിനിരന്നപ്പോൾ.**

## ഡി.മേറ്റ്സ് വാർഷിക സംഗമം കൊച്ചിയിൽ നടന്നു

**കൊച്ചി :** ഡി മേറ്റ്സ് മൂന്നാമത് വാർഷിക സംഗമം നടന്നു. മലയാളത്തിലെ ആദ്യ ദിനപത്രമായ ദീപികയുടെ കൊച്ചി യൂണിറ്റിന്റെ ആരംഭകാലഘട്ടത്തിൽ ജോലി ചെയ്തിരുന്നവരുടെ സൗഹൃദ കൂട്ടായ്മയാണ് ഡി.മേറ്റ്സ്.

2025 ജനുവരി എട്ടിന് വൈകിട്ട് നാലിന് എറണാകുളം വൈറ്റിലയ്ക്ക് സമീപം ഹോട്ടൽ മലബാർ ഇല്ലത്തിൽ നടന്ന വാർഷിക സംഗമം മുതിർന്ന അംഗം എം.കെ ഫ്രാൻസിസ് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു.

ഡി.മേറ്റ്സ് കോർഡിനേറ്റർ എൻ.എസ്.രാജേഷ് സ്വാഗതം പറഞ്ഞു. ചടങ്ങിൽ 2024ൽ കേരള കൗമുദി ദിനപത്രത്തിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച വി.കെ.സുഭാഷിനെ ജെ.എം.കമ്മൂണിക്കേഷൻ മാനേജിംഗ് ഡയറക്ടർ എഡിസൺ. ജി.വർഗീസ് പൊന്നാടയണിച്ച് ആദരിച്ചു.

എംജി യൂണിവേഴ്സിറ്റി 2004 വർഷം ബിഎസ്എം ഡിഗ്രി കോഴ്സിന് ഒന്നാം റാങ്ക് കരസ്ഥമാക്കിയ അനാമിക ജോയി, ഹൈദരാബാദ് ഇ.എസ്.ഐ മെഡിക്കൽ കോളേജിൽനിന്ന് ഫസ്റ്റ് ക്ലാസോടുകൂടി എം.ബി.ബി.എസ് പൂർത്തിയാക്കിയ ഗോപിക രാജേഷ് എന്നിവർക്കുള്ള ആദരവ് അവരുടെ പിതാക്കന്മാരായ ജോയ് മാടശ്ശേരി, എൻ.എസ്.രാജേഷ് എന്നിവർ ഏറ്റുവാങ്ങി.

ചുരുങ്ങിയ കാലം കൊണ്ട് ജൈവ പച്ചക്കറി കൃഷി രംഗത്ത് തന്റേതായ സ്ഥാനം ഉറപ്പിക്കുകയും ചേന്നാട്ട് വ്ളോഗ് എന്ന യുട്യൂബ് ചാനലിൽ കൂടി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സജി മാത്യു, ഡി.മേറ്റ്സ് സംഗമത്തിനായി യുകെയിൽ നിന്നെത്തിയ സോണി ജേക്കബ് ആസ്ട്രേലിയയിൽ നിന്നെത്തിയ ബിജു നാടുകാണി, ജോസ് കുര്യാക്കോസ്, പബ്ലിക് റിലേഷൻ രംഗത്തെ പ്രമുഖ സ്ഥാപനമായ നല്ല റിലേഷൻസ് സ്ഥാപകനും സി.ഇ.ഒയുമായ മനോജ് മാനുവൽ എന്നിവരെ യഥാക്രമം ടി.പി ജോർജ്, എം.കെ ഷാജു, റോയി ജോൺ, ജോൺസൺ പി. അഗസ്റ്റിൻ, സിൻസൺ അലക്സ് എന്നിവർ ചേർന്ന് ആദരിച്ചു.

സജി മാത്യു, ജോയി മാടശ്ശേരി, അനിൽ വാര്യർ,ജോൺസൺ വള്ളോംപുരയിടം, എ.എസ് സതീഷ്, പി.എ സാബു, ടി.എ അൻസാരി, സി.കുര്യൻ തുടങ്ങിയവർ പ്രസംഗിച്ചു. ഡി.മുകുന്ദന്റെ നേതൃത്വത്തിലുള്ള ഡി മേറ്റ്സ് ഓർക്കസ്ട്രയുടെ ഗാനസന്ധ്യയും അരങ്ങേറി.




## കുട്ടികൾക്ക് മില്ലെറ്റ് കിറ്റുകൾ വിതരണം ചെയ്തു

**തിരുവനന്തപുരം:** ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്ക് മില്ലെറ്റ് കിറ്റുകൾ വിതരണം ചെയ്ത് മണപ്പുറം ഫൗണ്ടേഷൻ. ഡയകെയർ പദ്ധതിയുടെ ഭാഗമായി രാജ്യത്താദ്യമായാണ് ഒരു ഫൗണ്ടേഷൻ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്കായി മില്ലെറ്റ് കിറ്റുകൾ നൽകുന്നത്. ടൈപ്പ് 1 ഡയബറ്റിക്സ് ഫൗണ്ടേഷൻ, വൈടുകെ ടോട്ട്സ് ഫൗണ്ടേഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതി തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി ഐഎഎസ് പരിപാടി ഉദ്ഘാടനം ചെയ്തു. പോഷകസമൃദ്ധവും ഗ്ലൈസീമിക് ഇൻഡക്സ് കുറഞ്ഞതുമായ മില്ലറ്റുകൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമീകരിക്കാൻ സഹായിക്കുമെന്നും, ഇത് ടൈപ്പ് 1 പ്രമേഹബാധിതർക്ക് ആരോഗ്യകരമായ രീതിയാണെന്നും കളക്ടർ പറഞ്ഞു.

മണപ്പുറം ഫൗണ്ടേഷന്റെയും വൈടുകെ ടോട്ട്സ് ഫൗണ്ടേഷന്റെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും കളക്ടർ കൂട്ടിച്ചേർത്തു.മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ് ഡി ദാസ് പദ്ധതി സമർപ്പണം നടത്തി.വഴുതക്കാട് ഗവ. കോട്ടൺഹിൽ എൽ പി സ്കൂളിൽ നടന്ന പരിപാടിയിൽ ഗവ. കോട്ടൺഹിൽ എൽ പി സ്കൂൾ ഹെഡ് മാസ്റ്റർ ടിഎ ജേക്കബ്, പിടിഎ പ്രസിഡന്റ് ദീപു കൃഷ്ണൻ കെ, ടൈപ്പ് 1 ഡയബറ്റിക്സ് ഫൗണ്ടേഷൻ സെക്രട്ടറി എ. ശിഹാബുദ്ധീൻ, വൈടുകെ ടോട്ട്സ് ഫൗണ്ടേഷൻ ഡയകെയർ പദ്ധതി ആർ&ഡി അംഗം ഗായത്രി സുരേഷ്, മണപ്പുറം ഫൗണ്ടേഷൻ സിഎസ്ആർ ഹെഡ് ശിൽപ ട്രീസ സെബാസ്റ്റ്യൻ, വൈടുകെ ടോട്ട്സ് ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി രഞ്ജിത്ത് ജോർജ്, നിംസ് മെഡിസിറ്റി ചീഫ് ഡയറ്റിഷ്യൻ ഡോ. എസ്. ശരണ്യ, ടൈപ്പ് 1 ഡയബറ്റിക്സ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് അംഗം മനോജ് കുമാർ എൽജി തുടങ്ങിയവർ സംസാരിച്ചു.



കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ (കെപിഎംഎ) ന്റെ 27ാമത് വാർഷിക സമ്മേളനം ഉദ്ഘാടനം കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ നിർവ്വഹിക്കുന്നു. ഇ. സന്തോഷ് കുമാർ, പി.ജെ മാത്യു, ഡോ. കെ.എ രാജേഷ്, ഷാഹുൽ ഹമീദ്, ജെ സുനിൽ, പി.ബി. ഐ മുഹമ്മദ് അഷറഫ്, ജോർജ്ജ് തോമസ് തുടങ്ങിയവർ മുൻ നിരയിൽ

# കെ.പി.എം.എ പരിസ്ഥിതി അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ (കെ.പി.എം.എ) ന്റെ ഈ വർഷത്തെ പരിസ്ഥിതി അവാർഡുകളുടെ വിതരണവും 27ാമത് വാർഷിക സമ്മേളന ഉദ്ഘാടനവും കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ നിർവ്വഹിച്ചു. നിക്ഷേപം ശക്തിപ്പെടാതെ കേരളം രക്ഷപെടില്ലെന്ന് മേയർ എം. അനിൽ കുമാർ ഉദ്ഘടാന പ്രസംഗത്തിൽ പറഞ്ഞു.

പൊതുസമൂഹത്തിന്റെ ഉന്നമനത്തിനായി ബിസിനസ് സമൂഹത്തിന്റെ സംഭാവനകൾ കാര്യക്ഷമമാക്കണം. കെ.പി.എം.എയുടെ നേതൃത്വത്തിൽ കൊച്ചി നഗരത്തിൽ പ്ലാസ്റ്റിക്ക് സംസ്കരണ യൂണിറ്റ് സ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെ.പി.എം.എയുടെ ഈ വർഷത്തെ പരിസ്ഥിതി അവാർഡ് ജേതാക്കളായ പത്തനംതിട്ട ക്ലീൻ കേരള കമ്പനിയും കോഴിക്കോട് ഒറിയോൺ പോളിമേഴ്സ് ഉടമ ബാബു മടപ്പറമ്പിലും മേയറിൽ നിന്നും 50,000 രൂപ വീതം ക്യാഷ് അവാർഡും മെമന്റോയും ഏറ്റുവാങ്ങി. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും പോളിമർ സയൻസിൽ കഴിഞ്ഞ വർഷം ഏറ്റവും അധികം മാർക്ക് വാങ്ങി വിജയിച്ച ബിടെക് വിദ്യാർഥിനി എം. ഫർസാന, എം.ടെക് വിദ്യാർഥിനി ആഷ്ലി എൽദോ എന്നിവർക്കുള്ള ക്യാഷ് അവാർഡും മേയർ ചടങ്ങിൽ സമ്മാനിച്ചു.കൊച്ചിൻ യൂണിവേഴ്സിറ്റി, സിപെറ്റ് എന്നിവടങ്ങളിൽ പോളിമർ സയൻസിൽ ഉന്നത നിലവാരത്തിൽ പഠനം തുടരുന്ന 15 വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകളും ചടങ്ങിൽ വിതരണം ചെയ്തു. കെ.പി.എം.എ ഡയറക്ടറി ബിപിസിഎൽ ചീഫ് ജനറൽ മാനേജർ ജോർജ്ജ് തോമസ് ചടങ്ങിൽ പ്രകാശനം ചെയ്തു. കൊച്ചി റിനൈ ഹോട്ടലിൽ നടന്ന ചടങ്ങിൽ കെപിഎംഎ പ്രസിഡന്റ് ജെ സുനിൽ അധ്യക്ഷത വഹിച്ചു. സിപെറ്റ് കൊച്ചി ഡയറക്ടർ ഡോ. കെ.എ രാജേഷ്, കെ.പി.എം.എ സംസ്ഥാന വൈസ് പ്രസിഡന്റ് ഷാഹുൽ ഹമീദ്, ജനറൽ സെക്രട്ടറി പി.ബി. ഐ മുഹമ്മദ് അഷറഫ്, ട്രഷറർ ഇ. സന്തോഷ് കുമാർ, സെക്രട്ടറി എ. എം കുഞ്ഞ് മൊയ്തീൻ, സോണൽ പ്രസിഡന്റുമാരായ പി. ജെ ജോർജ്ജ്കുട്ടി, അജയൻ, ബൈജു സക്കറിയ, മുൻ പ്രസിഡന്റുമാരായ പി.ജെ മാത്യു, എം.എസ് ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.



മുംബൈയിൽ നടന്ന ഇന്ത്യ ഇൻറർനാഷണൽ ജ്വല്ലറി ഷോയിൽ ബെസ്റ്റ് നാഷണൽ ചെയിൻ അവാർഡും ബെസ്റ്റ് ഡിജിറ്റൽ കാമ്പയിൻ അവാർഡും കല്യാൺ ജൂവലേഴ്സിനു വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ ഏറ്റുവാങ്ങുന്നു.

# റീട്ടെയിൽ ജൂവലർ അവാർഡുകളിൽ കല്യാൺ ജൂവലേഴ്സിന് അംഗീകാരം

**കൊച്ചി:** ഇന്ത്യ ഇൻറർനാഷണൽ ജ്വല്ലറി ഷോയുടെ ഭാഗമായുള്ള റീട്ടെയിൽ ജൂവലർ അവാർഡുകളിൽ കല്യാൺ ജൂവലേഴ്സിന് അഭിമാനകരമായ അംഗീകാരം. റീട്ടെയിൽ പ്രവർത്തനങ്ങളിലെ മികവിനെ മാനിച്ച് ബെസ്റ്റ് നാഷണൽ ചെയിൻ അവാർഡും നൂതനവും ഫലപ്രദവുമായ ഓൺലൈൻ പ്രചരണത്തിനുള്ള ബെസ്റ്റ് ഡിജിറ്റൽ കാമ്പയിൻ അവാർഡുമാണ് കല്യാൺ ജൂവലേഴ്സ് നേടിയത്.

മുംബൈയിൽ നടന്ന ചടങ്ങിൽ കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ അവാർഡുകൾ ഏറ്റുവാങ്ങി. എല്ലാ പ്ലാറ്റ്ഫോമുകളിലും ഏറ്റവും മികച്ച ജൂവലറി ഷോപ്പിംഗ് അനുഭവങ്ങൾ നൽകുന്നതിനുള്ള ബ്രാൻഡിൻറെ പ്രതിബദ്ധത അദ്ദേഹം ആവർത്തിച്ച് വ്യക്തമാക്കി.

ആഭരണ വ്യവസായ മേഖലയിലെ കല്യാൺ ജൂവലേഴ്സിൻറെ അർപ്പണബോധത്തെയും നേതൃത്വ മികവിനെയും എടുത്തു കാണിക്കുന്നതാണ് ഇന്ത്യ ഇൻറർനാഷണൽ ജ്വല്ലറി ഷോയിലെ ഈ നേട്ടങ്ങൾ.

# റിന്യൂബയ് സ്മാർട്ട് ടേം പ്ലാൻ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഓൺലൈൻ ഇൻഷുറൻസ് പ്ലാറ്റ്ഫോമായ റിന്യൂബയ് എൽഐസി, ഐസിഐസിഐ പ്രുഡൻഷ്യൽ, ഡിജിറ്റ് ഇൻഷുറൻസ് എന്നിവയുമായി സഹകരിച്ച് ആർബി പ്രൊപ്രൈറ്ററിക്ക് കീഴിൽ മൂന്നാമത്തെ ഉൽപ്പന്നമായ റിന്യൂബ്യൂ സ്മാർട്ട് ടേം പ്ലാൻ പുറത്തിറക്കി. പ്രധാനമായും പ്രൊഫഷണലുകളെയും ചെറുകിട ബിസിനസുകാരെയും ലക്ഷ്യമിടുന്ന ഈ പ്ലാൻ സാമ്പത്തിക സുരക്ഷയ്ക്കും മികച്ച റിട്ടേണിനും സഹായിക്കുമെന്ന് കമ്പനി അറിയിച്ചു.ഇന്നത്തെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഇൻഷുറൻസ് പ്ലാനാണ് സ്മാർട്ട് ടേം. ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കും ചെറുകിട ബിസിനസ്സ് ഉടമകൾക്കുമായി പ്രത്യേകിച്ചും രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പ്ലാൻ എളുപ്പത്തിലുള്ള ആക്സസ്, താരതമ്യേന കുറഞ്ഞ വില തുടങ്ങിയ സവിശേഷതകളോട് കൂടിയതാണ്. ടേം ഇൻഷുറൻസ്, സാമ്പത്തിക സുരക്ഷയ്ക്ക് നിർണായകമാണെങ്കിലും, പരമ്പരാഗത പോളിസികളുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ കാരണം പലർക്കും ഇത് അപ്രാപ്യമായതിനാലാണ് റിന്യൂബയ് സ്മാർട്ട് ടേം പ്ലാൻ പുറത്തിറക്കുന്നതെന്ന് കമ്പനി പറയുന്നു.

പുതിയകാല ഉപഭോക്താക്കളുടെ വർധിച്ചുവരുന്ന ഇൻഷുറൻസ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള കാഴ്ചപ്പാടോടെയാണ് ആർബി പ്രൊപ്രൈറ്ററി ഉൽപ്പന്ന നിര ആരംഭിച്ചിരിക്കുന്നതെന്ന് റിന്യൂബയ് സഹസ്ഥാപകൻ ഇന്ദ്രനീൽ ചാറ്റർജി പറഞ്ഞു.

# നാഷണൽ അപ്രന്റിസ്ഷിപ്പ് മേള ഇന്ന്

**തിരുവനന്തപുരം:** നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയവും സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലാ ആർ.ഐ സെന്ററും സംയുക്തമായി ഇന്ന് (ജനുവരി 13)ന് ചാക്ക ഐ.ടി.ഐ കോമ്പൗണ്ടിൽ വച്ച് നാഷണൽ അപ്രന്റിസ്ഷിപ്പ് മേള സംഘടിപ്പിക്കുന്നു. ജില്ലയിലെ കേന്ദ്ര സംസ്ഥാന സർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങളിലേക്ക് എൻജിനിയറിംഗ്/ നോൺ എൻജിനിയറിംഗ് ട്രേഡുകളിൽ ഐ.ടി.ഐ യോഗ്യതയുള്ളവരെ അപ്രന്റീസായി തിരഞ്ഞെടുക്കും. രജിസ്ട്രേഷൻ രാവിലെ 8.30ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9995094855, 9072895134 നമ്പറുകളിൽ ബന്ധപ്പെടുക.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com